# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 412 **26/06/2014** ൽ മറുപടിക്ക്

### സ്കൂളുകളിൽ ടെക്സ്റ്റ് ബുക്കുകൾക്കു പകരം ടാബ്ലറ്റ്ഉപയോഗിക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം. പി. വിൻസെന്റ്<br>,, വി.റ്റി. ബൽറാം | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികൾക്ക് ടെക്സ്റ്റ് ബുക്കുകൾക്ക് പകരം ടാബ്ലറ്റ് ഉപയോഗിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ | എ) | സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികൾക്ക് ടെക്സ്റ്റ് ബുക്കുകൾക്ക് പകരം ടാബ്ലറ്റ് പി.സി ഉപയോഗിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകാനുദ്ദേശിക്കുന്നുണ്ട്. 2013-14 ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 280-ൽ സംസ്ഥാനത്തെ ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാർത്ഥികൾക്ക് ടാബ്ലറ്റ് പി.സി. സ്കീം ഘട്ടം ഘട്ടമായി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതി വഴി ഏതെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) | പ്രസ്തുത പദ്ധതിവഴിവിദ്യാർത്ഥികൾക്ക്ഡിജിറ്റൽ രൂപത്തിലുള്ള പഠനവിഭവങ്ങൾ ആവശ്യാനുസരണം ഡൗൺലോഡ് ചെയ്ത് പഠനം എളുപ്പമാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| സി) | പ്രസ്തുത പദ്ധതിയുമായി ഏതെല്ലാം സ്ഥാപനങ്ങളാണ് സഹകരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ; | സി) | ഐ.ടി@സ്കൂൾ മുഖേന കെൽട്രോണിന്റെ സഹകരണത്തോടുകൂടി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| ഡി) | പ്രസ്തുത പദ്ധതി ഏത് അദ്ധ്യയനവർഷം മുതലാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | ഡി) | ഇക്കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ